# ആധുനിക അമേരിക്കൻ കവിത

അമേരിക്കൻകവിത എന്നു കേട്ടാൽ ആകാശപുഷ്പം, ഐസ്‌ലണ്ടിലെ പാമ്പ്, എന്നൊക്കെ പറയുമ്പോഴുള്ള പ്രതികരണമാണ് സാധാരണയായി ഉണ്ടാകുന്നത്. ടെക്നോളജിയെ പൂജിക്കുകയും ടെലിവിഷൻ നോക്കിയിരുന്ന് വിശ്രമവേളകൾ ചെലവഴിക്കുകയും ചെയ്യുന്ന ജനങ്ങൾക്ക് എന്തു കവിത, ഏതു സാഹിത്യം? അവക്ക് അങ്ങിനെയുള്ള പാരമ്പര്യങ്ങൾ വല്ലതുമുണ്ടോ? ഓർമ്മശക്തിയെ വളരെ ഞെരുക്കിനോക്കിയാൽ ലോങ്ഫെല്ലോ, വാൾട്ട് വിറ്റ്മാൻ, എന്നിങ്ങനെ ഒന്നോ രണ്ടോ ലോകപ്രസിദ്ധിയാർജ്ജിച്ച പേരുകൾ കണ്ടുകിട്ടിയേക്കാം; അത്രതന്നെ.

പക്ഷേ, പണ്ടത്തെ സ്ഥിതി എന്തായാലും ഇന്നിപ്പോൾ കഥയൊക്കെ മാറിയിരിക്കുന്നു. കഴിഞ്ഞ പത്തുവർഷത്തിനിടയ്ക്ക് അമേരിക്കൻ ഐക്യനാടുകളിൽ കവിതാനദിയുടെ വെള്ളപ്പൊക്കം ഉണ്ടായിരിക്കുകയാണ്. കരകവിഞ്ഞു നാടാകെ കലങ്ങിയ കട്ടുവെള്ളം പരന്നിരിക്കുന്നു, കവിത എഴുതുകയും അച്ചടിച്ചു വിടുകയും മാത്രമല്ല അവിടത്തെ പതിവ്. പരസ്യംചെയ്ത് ആളുകളെ വിളിച്ചുകൂട്ടി പ്രസംഗങ്ങൾ ചെയ്ത് കവിത വായിച്ചു കേൾപ്പിക്കുക എന്ന സമ്പ്രദായവും വളരെയധികം പ്രചാരത്തിൽ വന്നിട്ടുണ്ട്. ഇതിൽ സാമർത്ഥ്യം നേടിയ സംഘടനകളും നിലവിൽ വന്നിരിക്കുന്നു. ടിക്കറ്റു വച്ചുള്ള ഈ "കവിചൊല്ലൽ" ഒഴികെ മറ്റുകാര്യങ്ങളിൽ നമ്മുടെ ഭാഷയിൽ ഉണ്ടായിരിക്കുന്ന സ്ഥിതിവിശേഷത്തോട് വളരെ സാദൃശ്യമുള്ളതുകൊണ്ട് ഈ അമേരിക്കൻ പ്രതിഭാസത്തെപ്പറ്റി ഏ. ടി. ബേക്കർ എന്ന ലേഖകൻ "ടൈം" എന്ന പ്രസിദ്ധവാരികയിൽ ഈയിടെ എഴുതിയ ഒരു വിവരണം സംഗ്രഹിച്ചു ചേർക്കുന്നതു് പ്രസക്തവും, അത്യാധുനിക പ്രസ്ഥാനം കണ്ട് അമ്പരന്നു നില്ക്കുന്ന വായനക്കാർക്ക് പ്രയോജനകരവും ആയിരിക്കുമെന്നു കരുതുന്നു.

സഹൃദയലോകത്തിന്റെ കവിതാദാഹത്തെ തൃപ്തിപ്പെടുത്തിക്കൊണ്ട് എത്രയോ കാലം അധിനായകപദവിയിൽ ശോഭിച്ചിരുന്ന ഈ നൂറ്റാണ്ടിലെ മഹാ

ഡോ: കെ. ഭാസ്കരൻനായർ



Digitized by Kerala Sahitya Akademi

കവികളെയെല്ലാം മിക്കവാറും പിരിച്ചു വിട്ട മട്ടാണു് കാണുന്നതു്. ടി. എസ്സ്. എലിയട്ട്, റോബേർട്ട് ഫ്രോസ്റ്റു്, ഡൈലാൻ തോമസ്സ്, ഡബ്ലിയു. എച്ച്. ആഡൻ തുടങ്ങി ലോകപ്രസിദ്ധിനേടിയ കവികളുടെ നേർക്ക് അത്യാധുനികന്മാർ വലിയ അക്ഷമയും അസഹിഷ്ണുതയും കാണിക്കുന്നു. ഈ കവികളെ ആത്മാർത്ഥമായി ആരാധിക്കുന്നവരെ ഇന്നും അങ്ങിങ്ങു് കണ്ടേക്കാമെങ്കിലും അവർക്കു് അനുയായികളോ ശിഷ്യഗണങ്ങളോ ഇല്ല. അവരുടെ ബുദ്ധിവ്യാപാരവും ഉദാത്തഭാവങ്ങളും ആർക്കും പിടിക്കുന്നില്ല. നിത്യവും കാണുന്ന കാര്യങ്ങളെക്കുറിച്ചു് സാധാരണ ഭാഷയിൽ വൃത്തവും മാത്രയും ഒന്നുമില്ലാതെ കവിതയെഴുതിയ വില്യം കാർലോസ്സ് വില്യംസ്സ് എന്ന മുൻതലമുറക്കാരനെ മാത്രമേ അത്യാധുനികന്മാർ അല്പമെങ്കിലും ബഹുമാനിക്കുന്നുള്ളൂ. അതും എത്രകാലത്തേക്കെന്നറിഞ്ഞില്ല. മറ്റൊരാൾ റോബേർട്ട് ലോവൽ എന്ന കവിയാണു്. അദ്ദേഹം എന്തൊക്കെയോ ദുഃഖം അനുഭവിച്ചിട്ടുള്ള മനുഷ്യനായതുകൊണ്ടു് അദ്ദേഹത്തിന്റെ അനുയായികൾ സ്വന്തം ദുരിതാനുഭവങ്ങളെയും വിസ്തരിച്ചു് രേഖപ്പെടുത്തിവരുന്നു. അതെല്ലാം കവിതയാകുമെന്നാണു് അവരുടെ ധാരണ.

സത്യത്തിൽ അത്യാധുനികന്മാർക്കു് ഒരു അംഗീകൃത നായകനില്ല. അവരുടെ കൃതികൾ എത്തും പിടിയും കിട്ടാത്ത വൈവിധ്യം കലർന്നതാണെങ്കിലും ഈ കവിതാവ്യവസായക്കാരെ, ഒഴുക്കൻമട്ടിൽ, അഞ്ചായി തരംതിരിക്കാം:

1. ശകാരഘോഷക്കാർ
2. യാതനയുടെ നിവേദനക്കാർ
3. കട്ടകമണിച്ചരക്കുകാർ
4. വിവരണപ്രേമക്കാർ
5. പുതുമതക്കവികൾ.

ശകാരഘോഷക്കാർ ഇന്നത്തെ യുവജനപ്രക്ഷോഭത്തിന്റെ മുൻപന്തിയിൽനിന്നു് ശബ്ദമുണ്ടാക്കുന്നവരാണു്. അവരെ എവിടെയും കാണാം. 45 വയസ്സുള്ള


# ചെറുകിടവ്യവസായം

ചെറുകിടവ്യവസായങ്ങൾ ആരംഭിക്കുവാൻ മെഷീനുകൾ ആവശ്യമാണു്.

ചെറുകിടവ്യവസായസ്ഥാപനങ്ങൾക്കു് മെഷിനറികൾ ഗഡുക്കളായി പണമടച്ചു് സമ്പാദിക്കുന്നതായിരിക്കും സൗകര്യം.

ചെറുകിടവ്യവസായസ്ഥാപനങ്ങൾക്കും അസംസ്കൃതസാധനങ്ങൾ അത്യാവശ്യമാണു്.

ചെറുകിടവ്യവസായങ്ങൾക്കു സർവീസ് വർക്ക്ഷാപ്പുകളുടെ സഹായം വേണ്ടിവരും.

ഇവയെല്ലാം നിങ്ങൾക്കു നൽകുവാൻ ഞങ്ങൾക്കു സാധിച്ചേക്കും.

കൂടാതെ,

സർവേ ഉപകരണങ്ങൾ, എൻജിനീയറിങ്ങു് ഉപകരണങ്ങൾ, നല്ലയിനം മേച്ചിലോട്ട്, തറയോട്ട്, ഫയൽ ബോക്സ്, കളിമൺസാധനങ്ങൾ, ഡൈകാസ്റ്റ് ഉപകരണങ്ങൾ, ജീപ്പ്ഹുഡ്, മഴക്കോട്ട്, സീറ്റുകവർ, ഫർണിച്ചർ എന്നിവയും, ഫാക്ടറിഷെഡ്ഡുകൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും ഞങ്ങളെ സമീപിക്കുക.

**കേരളസംസ്ഥാന ചെറുകിടവ്യവസായ കോർപ്പറേഷൻ**

(ഒരു പൊതുമേഖലാസ്ഥാപനം)

ചെന്തിട്ട, P. B. No. 50, തിരുവനന്തപുരം-1

Telegram: SMALINCORP ഫോൺ: 2767, 5062, 3585, 4158




Digitized by Kerala Sahitya Akademi

ആലൻ ഗിൻസ്ബർഗ്ഗ് എന്ന കവിയെ കുറേനാൾ ഇവർ ഗുരുവായി സ്വീകരിച്ചിരുന്നു. അദ്ദേഹത്തിനു് ഇപ്പോൾ ഭാരതീയരുടെ അദ്ധ്യാത്മവിദ്യയിലും ഭക്തിപ്രസ്ഥാനത്തിലുമാണു് അഭിനിവേശം. പക്ഷേ, വീണ്ടും കവിതയുടെ ലോകത്തിലേക്കു വന്നുകൂടായ്കയില്ല. ഇക്കൂട്ടരുടെ അനുഭൂതി പലപ്പോഴും വെറും ശബ്ദഘോഷമായി പരിണമിക്കുന്നു. ചിത്തഭ്രമചിത നല്ല കാര്യത്തിനുവേണ്ടി എഴുതിയാലും ചിത്തക്കവിതതന്നെയാണല്ലോ. സ്വന്തം യാതനകളെയും ദുഃഖങ്ങളെയും കുറിച്ചു് ഒരു നിയന്ത്രണവുമില്ലാതെ പദ്യം എഴുതുന്നവരാണു രണ്ടാമത്തെ കൂട്ടർ. അവരുടെ കൃതികളിൽ വ്യസനവും ദൈന്യഭാവങ്ങളും മാത്രമേ കാണാനുള്ളു. വ്യസനവും വ്യാകുലതയും ഇന്നു സാർവത്രികമാകയാൽ ഇക്കൂട്ടർക്കു സാമാന്യനിലവാരത്തിൽനിന്നു് ഉയരുവാൻ കഴിയുന്നില്ല. അവരുടെ കവിത വായിക്കാതെതന്നെ വേണ്ടുവോളം വ്യാകുലത അനുഭവിക്കാം.

നേരത്തേപറഞ്ഞ വില്യംസിൻെറ അഞ്ചുവരിയിലുള്ള "ചുവന്ന കൈവണ്ടി" എന്ന കൃതിയാണു് കട്ടകമണിച്ചരക്കുകാരുടെ ആദർശമാതൃകയായി കരുതപ്പെടുന്നതു്. പക്ഷേ, സാധാരണവസ്തുക്കളും പ്രതീകങ്ങളും നിരത്തിവച്ചതുകൊണ്ടു് കവിതയുണ്ടാവുകയില്ല. പ്രതിപാദ്യത്തിൻെറ സാധാരണത്വമല്ല കാവ്യാനുഭൂതിയുടെ ആസ്പദം. ഇക്കൂട്ടർക്കു് വൃത്തവും ശീലുകളും ഒന്നുമില്ല. വാക്യഘടനയുമില്ല. ഇവർ ടൈപ്പ്റൈററർ ഉപയോഗിച്ചു കവിതയെഴുതുമ്പോൾ അക്ഷരങ്ങളുടെ ആണികളല്ല "സ്പേസ്ബാർ" (വാക്കുകളുടെ ഇടയ്ക്കു ശൂന്യസ്ഥലം വിടുവാനുള്ള ഉപായം) ആണു് അധികം തവണ അമർത്തുന്നതു്. തൽഫലമായി കടലാസ്സിൽ ചിതറിക്കിടക്കുന്ന കുറെ വാക്കുകൾ കാണാം. അധികവും നാമങ്ങളാണു്. അവയിൽനിന്നു് വളരെ ദൂരെ അകന്നു് ഒരു ക്രിയാപദവും കണ്ടെന്നുവരും. ശ്വാസത്തിൻെറ ഗതിയനുസരിച്ചാണത്രെ ഇത്തരം കവിത രചിക്കപ്പെടുന്നതു്. ചക്രവർത്തിയുടെ എഴുന്നള്ളത്തു വർണ്ണിക്കുവാൻ നിയുക്തനായി ചാളുന്നില്ലുന്ന റേഡിയോവിവരണക്കാരൻ ചക്രവർത്തി വന്നുചേരുമ്പോൾ കാണിക്കുന്ന ശ്വാസവികാരങ്ങളാണു് ഇത്തരം കവികൾ പ്രദർശിപ്പിക്കുന്നതെന്നു പറയാം.

നാലാമത്തെ കൂട്ടരായ വിവരണവ്രതക്കാർ കാണുന്നതു മുഴുവനും എഴുതിവയ്ക്കുന്നവരാണു്. പൂർവ്വാപരബന്ധമോ പ്രസക്തിയോ ഇല്ലാത്ത കാര്യങ്ങൾ എഴുതിക്കൂട്ടുന്ന പാഴ്വേലയാണിതു്. ഡയറിയെഴുത്തു് കവിതയല്ല. പുതുമതക്കാരെന്ന അഞ്ചാമത്തെ കൂട്ടരുടെ കവിതയല്ല, ജീവിതരീതിയാണു് ആരാധകന്മാരെ ആകർഷിക്കുന്നതു്. അവർ എഴുതിയതിൽ ഒരക്ഷരവും വായിച്ചിട്ടില്ലാത്ത ആരാധകന്മാരാണു് അധികവും. ഇത്തരം കവികളിൽ പലരും ഹിപ്പികളായും ബീററ്നിക്കുകളായും, മററു പല പേരുകളിലും നടക്കുന്നു. ഇവർ അമേരിക്കൻ ഇന്ത്യന്മാരുടെയും ഹിന്ദുക്കളുടെയും ജപ്പാൻകാരുടെയും ആദ്ധ്യാത്മികസങ്കല്പങ്ങൾ സ്വീകരിച്ചാണു് കവിതയെഴുതുന്നതു്. മനുഷ്യനെ പ്രകൃതിയുടെ മടിത്തട്ടിൽ ലയിപ്പിക്കുവാനാണത്രെ അവരുടെ ശ്രമം.

ഇന്നെനിക്കു് തീരെ സുഖമില്ല.
അതുകൊണ്ടു് ഒരു കവിതയെഴുതണം.
എങ്ങിനെയും തുലയട്ടെ,
എന്തെങ്കിലും ഒരു കവിത,
ഈ കവിത.

ഇതു് അവരിൽ ഒരാൾ എഴുതിയ കവിതയുടെ ശബ്ദതർജ്ജമയാണു്.

മെർവിൻ എന്നും ആമൺസ് എന്നും രണ്ടു കവികളെ മാത്രമേ അല്പമെങ്കിലും കഴിവുള്ളവരായി ഈ അത്യാധുനികന്മാരുടെ മഹാസമൂഹത്തിൽ കാണുന്നുള്ളു: മെർവിൻ പുലിററ്സർ സമ്മാനത്തിനു് അർഹനായി. അദ്ദേഹം ആധുനികജീവിതത്തിൻെറ വ്യാകുലതകളേയും സന്ദേഹങ്ങളേയും, ഒരേസമയത്തു പ്രാദേശികമെന്നും സാർവ്വലൗകികമെന്നും തോന്നുന്ന രീതിയിൽ, പ്രപഞ്ചനം ചെയ്യുന്നു. ആമൺസ് അത്രയ്ക്കു പ്രസിദ്ധനായിട്ടില്ല. കോർണൽ സർവകലാശാലയിൽ പ്രൊഫസറായി ജോലിചെയ്യുന്നു, നല്ലം ലജ്ജാശീലനാണു്. പാരായണസഘടനകളിൽ ചെന്നിട്ടില്ല. ഇങ്ങിനെ അരിച്ചുപെറുക്കിയാൽ രണ്ടുപേരെ കണ്ടെക്കാമെങ്കിലും, മററുള്ളവർ തുരുതുരെ എഴുതിവിടുന്ന ഇന്നത്തെ കവിത ഒരു ഗുണവുമില്ലാ

(ശേഷം 109-ൽ)

## അത്യാധുനിക അമേരിക്കൻകവിത

(27-ൽ നിന്നും തുടർച്ച)

ത്ത, ഒന്നിനും കൊള്ളാത്ത, പാഴ്‌വേലക്കാണ്. കവികളുടെ പ്രസിദ്ധിയെക്കുറിച്ചുള്ള പ്രസ്താവനകളും കവിതാപാരായണത്തിന്റെ പ്രചാരവും വിശ്വസിച്ചുകൂടാ. പ്രസിദ്ധരെന്നു പറയുന്ന അത്യാധുനികന്മാരെല്ലാം ഒരു പരസ്പരസഹായകസംഘത്തിൽ പെട്ടവരാണ്. അതിന്റെ അംഗങ്ങൾ ആസ്വാദകന്മാരായും വേഷംമാറി പുസ്തകനിരൂപണങ്ങളെഴുതി അന്യോന്യം പ്രശംസിക്കുക എന്നതു് തൊഴിലാക്കിയിരിക്കുന്നു. സംഘത്തിൽപെട്ട ആരെപ്പററിയും ഒരു ദോഷവും പറയുകയില്ല. ഈ രൂപവിലുള്ള ഓരോ വസ്തുതൽത്തുരുമ്പും ഓരോ സൂചിയാണെന്നും, തന്മൂലം സാക്ഷാൽ സൂചിയേതെന്നു് കണ്ടുപിടിക്കാൻ സാധ്യമല്ലെന്നും വിശ്വസിക്കാൻ കഴിയുന്ന ഒരു സംസ്കാരത്തിൽ[1] എന്തു് അസംബന്ധം എഴുതുന്നവനും കവിയായി നടക്കാം. പക്ഷിശാസ്ത്രജ്ഞന്മാർ താറാവിനെ പരിശോധിക്കുന്നതുപോലെയാണു് അത്യാധുനികകവിതയെ വിലമതിക്കുന്നു എന്നു പറയുന്നവർ പെരുമാറുന്നതു്. അവർ അതിന്റെ തൂവലുകൾ ഓരോന്നായി എണ്ണിനോക്കും. എല്ലും തോലും ചിറകും കൊക്കുമെല്ലാം പരിശോധിക്കും. ഈ ലക്ഷണങ്ങളെല്ലാം നല്ല നിശ്ചയമാണു്, എന്തെന്നാൽ അവരും താറാവിനെ സൃഷ്ടിക്കുന്നവരാണു്. ലക്ഷണങ്ങളെല്ലാം ഒത്തിട്ടുണ്ടെന്നു് ഈ വിദഗ്ദ്ധന്മാർ പ്രഖ്യാപിക്കുമെങ്കിലും ഒരു കാര്യം ആരും മനസ്സിലാക്കുന്നില്ല—പക്ഷി എന്നു പറയുന്ന ഈ ജന്തു പറക്കുകയില്ല എന്ന ദയനീയമായ പരമാർത്ഥം!

"ടൈം" മാസികയുടെ പഠനസംഘം അഭിമുഖസംഭാഷണം നടത്തിയ കോളേജുകവികളിൽ ഒരാൾക്കും തങ്ങൾ ആരാധിക്കുന്ന പ്രാമാണികളായ അത്യാധുനികന്മാരുടെ കൃതികളിൽനിന്നു് ഒരു വരിപോലും ഉദ്ധരിക്കുവാൻ കഴിഞ്ഞില്ലത്രെ. അത്യാധുനികകവിത അങ്ങിനെ എളുപ്പത്തിൽ ഓർമ്മിക്കാവുന്നതല്ല! "മനസ്സിൽ തങ്ങിനില്ക്കുന്നതു് ഒരു വികാരാവസ്ഥയാണു്. സ്തോത്രത്തിന്റെ ഒരു ഭൂഭാഗദൃശ്യം!" എന്നായിരുന്നു അവരുടെ സമാധാനം: ഒരുപക്ഷേ എ. ഇ. ഹൗസ്മാൻ എന്ന ആംഗലകവി മറെറാരു സന്ദർഭത്തിൽ പറഞ്ഞ സമാധാനമായിരിക്കും കുറേക്കൂടി യോജിക്കുന്നതു്. "കാലത്തു് മുഖക്ഷൗരം ചെയ്യുമ്പോൾ ഒരു കവിതാശകലം ഓർമ്മിച്ചുപോയാൽ എന്റെ രോമങ്ങൾ എഴുന്നുവരും; എനിക്കു ക്ഷൗരംചെയ്യാൻ കഴിയുകയുമില്ല. കത്തി ഉടക്കിപ്പിടിക്കും."

ഇതൊന്നുമല്ല കവിത. അനാദ്യന്തമായ കാലപ്രവാഹത്തിനിടക്കു് ലോകത്തിന്റെ സ്മരണയിൽ ദൃഢമുദ്രിതമാകുന്ന ശ്രേഷ്ഠകൃതികൾകൊണ്ടേ കാര്യമുള്ളൂ. അവ മനുഷ്യന്റെ ചിന്തയ്ക്കും, ചെവിയിൽ വീഴുന്ന ഭാഷയുടെ നാദത്തിനും ശാശ്വതമായ മാററം വരുത്തുന്നു. ഇത്തരം കവിത എതുകാലത്തും ദുർലഭമായിരിക്കുമെന്നു സമ്മതിക്കാമെങ്കിലും, ഇന്നത്തെ ഈ കവനവ്യവസായം കാതുകൾക്കും ഭാവനക്കും ആവശ്യമില്ലാത്ത, വഴിപിഴച്ചുവന്ന ഒരു പാഴ്ച്ചുമടായിട്ടാണു് അനുഭവപ്പെടുന്നതു്.

—o—


**HIMALAYAN CATERERS**

ഹിമാലയൻ കേററേഴ്സ്

മെയിൻറോഡ്, കൊല്ലം

കേററിങ്ങിനു് പ്രസിദ്ധിയാർജ്ജിച്ച ഏക സ്ഥാപനം!

സോഡാഫാക്ടറികൾക്കും, ബേക്കറികൾക്കും ആവശ്യമുള്ള എസ്സെൻസ്സുകൾ, സോഡാ കുപ്പികൾ, സാക്കറിൻ, സോഡാഗ്യാസ് തുടങ്ങിയ സാധനങ്ങൾ മിതമായ വിലയ്ക്കു് ലഭിക്കുന്നതാണു്. ഐസ് എപ്പോഴും സ്റ്റോക്കുണ്ടായിരിക്കും.

Phone No. 3553

Prop: S. P. Kesava Pillai & Sons